(ഇ) ഉണ്ട്. ഈ ബോട്ടുകളിൽ ഘടിപ്പിക്കുന്ന യന്ത്രങ്ങൾ നോർവീജിയൻ ഫെയന്റേഷനിൽ നിന്നാണ് ലഭിക്കുന്നത്. ഒരു യന്ത്രത്തിന് 1600 രൂപയോളം വില വരുന്നതാണ്.

(എഫ്) 1954.55 അവസാനംവരെ 38.37 ലക്ഷം രൂപയാണ് നോർവേ ഗവണ്മെന്റ് പ്രോജക്റ്റിനുവേണ്ടി മുടക്കിയിട്ടുള്ളത്.

ഇറിഗേഷൻ ബോർഡ് എടുത്തിട്ടുള്ള തീരുമാനങ്ങൾ.

* 38. [42] ശ്രീ. കെ. എ. ശിവരാമഭാരതി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറ്റൂർ താലൂക്കിലെ ഇറിഗേഷൻ ബോർഡ് ഇതിനകം എത്ര യോഗങ്ങൾ നടത്തിയിട്ടുണ്ട്;

(ബി) എന്തെല്ലാം തീരുമാനങ്ങളാണ് പ്രസ്തുത യോഗങ്ങളിൽ എടുത്തിട്ടുള്ളത്;

(സി) അവയിന്മേൽ ഗവണ്മെന്റ് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) ഒന്ന്.

(ബി) പ്രസ്തുത യോഗത്തിൽ എടുത്തിട്ടുള്ള തീരുമാനങ്ങളുടെ ഒരു † പകർപ്പ് മേശപ്പുറത്തുവച്ചിട്ടുണ്ട്.

(സി) സ്വകാര്യ ആണക്കെട്ടുകൾ ഗവണ്മെന്റിലേയ്ക്കെടുക്കുന്നതിനുള്ള ശുപാർശ സ്വീകരിച്ചിട്ടില്ല. സർക്കാർ ആണക്കെട്ടുകളും ചാലുകളും രണ്ടാമത്തെ പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തി നന്നാക്കുന്നതിനു നടപടികൾ എടുത്തിട്ടുണ്ട്.

നദീജലം.

* 39. [43] ശ്രീ. പ്രാക്കുളം ഭാസി: താഴെ പറയുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തെ നദീജലത്തിൽ നിന്ന് എലക്ട്രിസിറ്റി ഉൽപ്പാദിപ്പിക്കുന്നതിനും, ഇറിഗേഷനാവശ്യങ്ങൾക്കും മദ്രാസ് ഗവണ്മെന്റുമായി ഈ ഗവണ്മെന്റ് കൂടിയാലോചനകൾ നടത്തുകയുണ്ടായോ; ഉണ്ടെങ്കിൽ ചർച്ചകളുടെ സ്വഭാവമെന്താണ്?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

1886-ലെ കരാറനുസരിച്ച് മദ്രാസ് ഗവണ്മെന്റിനു നൽകപ്പെട്ടിട്ടുള്ള പെരിയാർ ജലത്തിൽനിന്നും വിദ്യുച്ഛക്തി ഉപയോഗിക്കുന്നതിനെ സംബന്ധിച്ച് ചർച്ചകൾ നടന്നിട്ടുണ്ട്. ഈ ചർച്ചകളുടെ ഫലമായി പെരിയാർ ജലം ഉപയോഗിച്ച് വിദ്യുച്ഛക്തി ഉൽപ്പാദിപ്പിക്കാൻ

† Please see Appendix IV.

LIBRARY ARCHIVES Kerala Legislative Assembly

മദ്രാസ് ഗവണ്മെൻറിനു് ഈ ഗവണ്മെൻറ് അനുവാദം നൽകിയിട്ടുണ്ടു്. ഇങ്ങിനെ ഉൽപ്പാദിപ്പിക്കുന്ന വിദ്യുച്ഛക്തിക്കു് ഈ ഗവണ്മെൻറിനു് റായൽറ്റി ലഭിക്കുന്നതാണു്.

കയറിനു പുതിയ മാർക്കറ്റുകൾ.

* 40. [44] ശ്രീ. പ്രാക്കുളം ജോസി: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയറും കയറുൽപ്പന്നങ്ങളും 1953-54 എന്നീ വർഷത്തിൽ ഏതെങ്കിലും പുതിയ വിദേശരാജ്യങ്ങളിലേയ്ക്കു് കയറ്റി അയച്ചിട്ടുണ്ടോ;

(ബി) ഇൻഡ്യാഗവണ്മെൻറ് വിദേശരാജ്യങ്ങളുമായി നടത്തുന്ന കച്ചവട ഉടമ്പടികളിൽ കയറിനെക്കൂടി ഇപ്പോൾ ഉൾപ്പെടുത്തുന്നുണ്ടോ;

(സി) കയറിനും കയറുൽപ്പന്നങ്ങൾക്കും പുതിയ മാർക്കറ്റുകൾ കണ്ടുപിടിക്കുന്നതിനു് കയർ കമ്മിറ്റിയോ ബോർഡിനു സാധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ ഫലമെന്തു്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) കയറും കയറുൽപ്പന്നങ്ങളും 1953-54 എന്നീ വർഷത്തിൽ ഏതെങ്കിലും പുതിയ വിദേശരാജ്യങ്ങളിലേയ്ക്കു് കയറ്റി അയച്ചിട്ടുണ്ടോ എന്നു് അറിവില്ല. യൂണൈറ്റഡ് കിംഗ്ഡം, അമേരിക്ക, ജപ്പാൻ, ആഫ്രിക്ക മുതലായ മിക്ക വിദേശരാജ്യങ്ങളിലേയ്ക്കും കയറും കയറുൽപ്പന്നങ്ങളും അയച്ചിട്ടുണ്ടു്.

(ബി) ഇൻഡ്യാഗവണ്മെൻറ് വിദേശരാജ്യങ്ങളുമായി ചെയ്യുന്ന കച്ചവട ഉടമ്പടികളിൽ കയറും കയറുൽപ്പന്നങ്ങളും സാധാരണയായി ഉൾപ്പെടുത്താറുണ്ടു്. കരാറിൽ ഉൾപ്പെടുത്തിയതുകൊണ്ടു് വിദേശ രാജ്യങ്ങൾ കയറോ കയറുൽപ്പന്നങ്ങളോ വാങ്ങുവാൻ നിർബന്ധിതരല്ല.

(സി) കയർബോർഡു് ഇതേവരെയും കയറുൽപ്പന്നങ്ങൾക്കു് പുതിയ വിപണികൾ കണ്ടുപിടിക്കുവാൻ നേരിട്ടു ശ്രമിച്ചിട്ടില്ല. രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഇപ്പോഴുള്ള വിപണികൾ വിപുലപ്പെടുത്തുവാനും പുതിയവ കണ്ടുപിടിക്കുവാനുമായി ട്രേഡ് ഡെലിഗേറ്റ്സിനെ അയയ്ക്കുവാൻ ഉദ്ദേശമുണ്ടു്.

പമ്പിംഗ് സബ്സിഡി.

* 41. [45] ശ്രീ. ജോസഫ് മുണ്ടശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായൽകൃഷിക്കു് പമ്പിംഗ് സബ്സിഡി കൊടുക്കുന്നതു് എന്തടിസ്ഥാനത്തിലാണു്;

(ബി) തൃശ്ശൂർ താലൂക്കിലെ കോൾനിലങ്ങളിൽ കൃഷി ചെയ്യുന്നവർക്കു് പമ്പിംഗ് സബ്സിഡി കൊടുക്കേണ്ടതാണെന്നു് കാണിച്ചു് വല്ല നിവേദനവും ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly